വളം.

* 748. [41] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾക്ക് കൃഷി ഡിപ്പാർട്ടുമെൻറ് മുഖാന്തരം വളം കടമായി കൊടുത്തുവരുന്ന ഏർപ്പാട് നിറുത്തലാക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 28-8-1952 മുതൽ ഈ ഏർപ്പാട് നിറുത്തലാക്കി.

(ബി) കടമായി കൊടുത്തുവന്നിരുന്ന വളത്തിന്റെ വില ഗവണ്മെൻറിലേക്ക് അടച്ചുതീർക്കുന്നതിൽ സംഘങ്ങൾ വരുത്തിയ ഗൌരവതരമായ വീഴ്ചയാണ് ഇതിനു കാരണം.

ഉദ്യോഗസ്ഥന്മാരുടെ പരസ്പരമാറ്റം.

* 749. [43] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറ് സർക്കുലർ No. 84. 20035/54/CS. dated 20-10-'54 പ്രകാരം mutual transfer പ്രകാരമല്ലാതെ പൂർണ്ണമായും മാറ്റുകയില്ലെന്ന് ഉത്തരവായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

STARRED QUESTIONS POSTED FOR ANSWER ON 21-4-1955.

പഞ്ചായത്ത് അസോസിയേഷനുകൾ.

* 750. [34] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സ്ദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്ത് അസോസിയേഷനുകളുണ്ട് ;

(ബി) പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ പഞ്ചായത്ത് അസോസിയേഷനുകൾ ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ടോ ;

(സി) തലപ്പിള്ളി താലൂക്ക് പഞ്ചായത്ത് അസോസിയേഷൻ അങ്ങനെയുള്ള പ്രമേയങ്ങൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ ;

(ഡി) ആകെ അയച്ചിട്ടുള്ള പ്രമേയങ്ങളിൽ പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കുവാൻ എത്ര രൂപ വേണ്ടിവരും ;

(ഇ) അതിൽ എത്ര രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. മാച്ചുകുട്ടൻ) :

(എ) മൂന്ന് അസോസിയേഷനുകൾ ഉണ്ട്.

(ബി) അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തലപ്പള്ളി താലൂക്ക് പഞ്ചായത്ത് അസോസിയേഷൻ അഞ്ച് പ്രമേയങ്ങൾ അയച്ചിട്ടുണ്ട്.

(ഡി) പ്രമേയങ്ങളിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഇ) ഇതിനകം യാതൊന്നും ഇക്കാര്യത്തിനായി അനുവദിച്ചിട്ടില്ല.

സാംക്രമികരോഗം.

*751. [35] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളറ, മസൂരി തുടങ്ങിയ സാംക്രമികരോഗങ്ങളുടെ ആക്രമണം 1953-54 വർഷത്തെ അപേക്ഷിച്ച് 1954-55 വർഷത്തിൽ നമ്മുടെ സംസ്ഥാനത്ത് കൂടുതലാണോ;

(ബി) ഈ സാമ്പത്തികവർഷത്തിൽ മസൂരി ഏതേതു് സ്ഥലങ്ങളിൽ ആക്രമണം നടത്തുകയുണ്ടായി, മരണത്തിന്റെ കണക്ക് പിടിപെട്ടതിന്റെ എത്ര ശതമാനമായിരുന്നു;

(സി) രോഗം പിടിപെടുന്ന സ്ഥലങ്ങളിൽ തക്കസമയത്ത് പ്രതിരോധ നടപടികൾ എത്തിക്കിട്ടുന്നില്ലെന്ന പരാതികൾ കിട്ടുന്നില്ലേ; സാംക്രമികരോഗങ്ങളുടെ നിവാരണ നടപടികളെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കുവാൻ ഡിപ്പാർട്ട്മെന്റിനു് ഒരു പ്രത്യേകം വകുപ്പില്ലേ;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ മാളയിലെ കുട്ടികൾക്ക് പിടിപെട്ട ഒരു പുതിയ തരം രോഗത്തെപ്പറ്റി നടപടി നടത്തിയ അന്വേഷണഫലം എന്താണു്;

(ഇ) ഡിഫ്ത്തീരിയാ എന്ന രോഗം കോട്ടയം ബേക്കർ മെമ്മോറിയൽ കിൻഡർഗാർട്ടൻ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും മറ്റും പടർന്നു പിടിക്കുന്നു എന്നുള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിക്കുമോ;

(എഫ്) എന്താണു് ഫലമെന്നും, എന്തു നടപടിയെടുത്തു എന്നും പറയുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) അല്ല. സ്ഥിതിവിവരക്കണക്കുകളിൽനിന്നു് കുറവാണെന്നാണു് കാണുന്നതു്.

(ബി) കൽക്കുളം, വിളവംകോടു്, നെയ്യാറ്റിൻകര, തിരുവനന്തപുരം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കൊല്ലം, മാവേലിക്കര, തിരുവല്ലാ, ചേർത്തല, തലപ്പള്ളി, കുന്നത്തുനാടു്, പത്തനംതിട്ട, തൊടുപുഴ, പറവൂർ, തൃശ്ശൂർ, വൈക്കം, മുകുന്ദപുരം, കൊടുങ്ങല്ലൂർ, കോട്ടയം, ദേവികുളം, പത്തനാപുരം, ചിറയിൻകീഴു്, ചിറ്റൂർ, കൊച്ചി-കണയന്നൂർ മുതലായ താലൂക്കുകളിലും, തിരുവനന്തപുരം കാർപ്പറേഷൻ, കൊല്ലം, മട്ടാഞ്ചേരി, എറണാകുളം, ഇരിങ്ങാലക്കുട, ആലപ്പുഴ, ചങ്ങനാശ്ശേരി, ആറന്മുള, പെരുമ്പാവൂർ, ചേർത്തല മുതലായ മുനിസിപ്പൽ പട്ടണങ്ങളിലും മസൂരിരോഗം ഈ സാമ്പത്തികവർഷത്തിൽ പിടിപെട്ടിട്ടുണ്ടു്. അതുകൊണ്ടു പിടിപെട്ടതിന്റെ 59.81% ആളുകൾ മരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly